## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -3279** 11.12.2014- ൽ മറുപടിക്ക്

**തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.പി. ജയരാജൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡുമായി ബന്ധപ്പെട്ട് നില നിൽക്കുന്ന കോടതി വ്യവഹാരങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | W.A No.1912/2013-ൽ ബഹു. കേരള ഹൈക്കോടതി 02/02/2014-ൽ പുറപ്പെടുവിച്ച വിധി, SLPC No.19380/2014-ൽ ബഹു. സുപ്രീം കോടതി 25.08.2014-ലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്. ഈ കേസ് 08.12.2014-ൽ വീണ്ടും പരിഗണിക്കുന്നതാണ്. |
| (ബി) | കോടതി വ്യവഹാരങ്ങൾ തീർപ്പാക്കി റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | ഇതു സംബന്ധിച്ച കേസ് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ അന്തിമ വിധി വന്നതിനുശേഷം മാത്രമേ തുടർ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ഈ റോഡിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് 21.08.2014-ന് ബഹു. എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക അറ്റകുറ്റപ്പണികൾക്കായി തയ്യാറാക്കിയിട്ടുള്ള 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമം സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ